# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 ഒക്ടോബർ 24, തിങ്കൾ

## നമ്പർ 29

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

വിജിലൻസ് മേധാവിയുടെ ഫോണും ഇ-മെയിലും ചോർത്തുന്നുവെന്ന് അദ്ദേഹം തന്നെ ആക്ഷേപം ഉന്നയിച്ചത് ഗവൺമെന്റിന്റേയും പോലീസിന്റേയും വിശ്വാസ്യതയ്ക്ക് മങ്ങലേൽപ്പിച്ചതായി പറയപ്പെടുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റൊരംഗവും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, കേരള കോൺഗ്രസ് (ജേക്കബ്), കേരളാ കോൺഗ്രസ് (എം) എന്നീ പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ഈട് നൽകുവാൻ സന്നദ്ധരായിട്ടും സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിൽ കാണിക്കുന്നതായി പറയപ്പെടുന്ന വിമുഖതമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷത്തിലേക്ക് ശ്രീ. ജെയിംസ് മാത്യു ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് വിധവകളും അവിവാഹിതരായ അമ്മമാരും ഉപേക്ഷിക്കപ്പെട്ട ഭാര്യമാരും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എൻ. എ. നെല്ലിക്കുന്ന് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു.

KNPP. 4/2017(i).

മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ.രമേശ് ചെന്നിത്തല | വനിതാ മാധ്യമപ്രവർത്തകർക്കെതിരെയുള്ള കേസ് പിൻവലിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ.എ.പ്രദീപ്കുമാർ | കനോലി കനാൽ ജലഗതാഗത യോഗ്യമാക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. അടൂർ പ്രകാശ് | പത്തനംതിട്ട പോലീസ് സ്റ്റേഷനിലുണ്ടായ അക്രമങ്ങൾ സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ.ഹൈബി ഈഡൻ | പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. പി.ഉബൈദുള്ള | സ്വർണ്ണ വ്യാപാര മേഖല നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 6 | ശ്രീ.ബി.സത്യൻ | പൂർത്തീകരിച്ച പണയിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ.ഷാഫി പറമ്പിൽ | ഡി.എഫ്.ഐ.പി.യിൽ ഉൾപ്പെട്ടിരുന്ന പാലക്കാട് നഗര ബൈപ്പാസുകളുടെ നിർമ്മാണം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ.പി.ടി.എ. റഹീം | റേഷൻ വ്യാപാരികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ.കെ.വി.വിജയദാസ് | കരിമ്പയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് | വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീമതി സി. കെ. ആശ | പട്ടികജാതി, പട്ടികവിഭാഗത്തിൽപ്പെട്ട ദുയൽകർഷകരെ ജപ്തി നടപടികളിൽ നിന്നും രക്ഷിക്കുന്നത് സംബന്ധിച്ച് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 11 | ശ്രീ. സി. ദിവാകരൻ | ചികിത്സാ പിഴവുമൂലം കന്യാകുളങ്ങര CHC യിൽ ഗർഭിണി മരണപ്പെട്ട സംഭവം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |

മന്ത്രിമാർ അതത് വിഷയം സംബന്ധിച്ച് പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ:</u>

ചട്ടം 47(2) പ്രകാരം താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1910, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1602 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

<u>റിപ്പോർട്ട് സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

1. സബ്ജക്ട് കമ്മിറ്റി IX-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

2. സബ്ജക്ട് കമ്മിറ്റി X-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

3. സബ്ജക്ട് കമ്മിറ്റി XII-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(19-10-2016-ൽ ഒരു ചോദ്യത്തിന് നൽകിയ മറുപടിയിലെ പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ചില പരാമർശങ്ങൾ പിൻവലിക്കണമെന്ന് ശ്രീ. പി. ടി. തോമസ് ആവശ്യപ്പെടുകയും മന്ത്രി പ്രസ്തുത പരാമർശം പിൻവലിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നും ഇറങ്ങിപ്പോവുകയും ചെയ്തു.)

ധനകാര്യം :

2016-2017 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV- ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ യഥാക്രമം സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണനും, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും അവതരിപ്പിച്ചു. VIII, XXIV, XXX എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

ധനാഭ്യർത്ഥനകളെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. റോജി എം. ജോൺ

ശ്രീ. സി. ദിവാകരൻ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

ശ്രീ. തോമസ് ചാണ്ടി

ശ്രീ. എം. എം. മണി

ശ്രീ. എൽദോസ് കുന്നപ്പിള്ളി

ശ്രീമതി ഇ. എസ്. ബിജിമോൾ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. എം. ഉമ്മർ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എ. എം. ആരിഫ്

ശ്രീ. ഷാഫി പറമ്പിൽ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ എന്നിവർ മറുപടി പറഞ്ഞു. അവതരിപ്പിച്ച ധനാഭ്യർത്ഥനകളും അതിനുശേഷം വോട്ടിനിടുകയും പാസ്സാക്കുകയും ചെയ്തു.

<u>സ്പീക്കറുടെ റൂളിംഗ്</u> :

നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിച്ച പരാതി സംബന്ധിച്ച് സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി :

"സംസ്ഥാനത്തെ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പൊതുപരിപാടികളിൽ ജനപ്രതിനിധികൾക്ക് പ്രത്യേകിച്ച് നിയമസഭാംഗങ്ങൾക്ക് നൽകേണ്ട പ്രാധാന്യത്തെയും അംഗീകാരത്തെയും സംബന്ധിച്ച് സുവ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം നിമയസഭാംഗങ്ങൾക്ക് ലഭിക്കേണ്ട പ്രത്യേക പരിഗണന സംബന്ധിച്ച് വിശദമായ റൂളിംഗുകൾ എന്റെ മുൻഗാമികളായ സ്പീക്കർമാരിൽനിന്നും ഉണ്ടായിട്ടുമുണ്ട്. അതുപോലെ സംസ്ഥാന-ജില്ലാ-പ്രാദേശിക തലങ്ങളിലായി ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾ അംഗങ്ങളായിട്ടുള്ള നിരവധി സ്റ്റാറ്റ്യൂട്ടറി സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയുടെ ആനുകാലിക യോഗങ്ങൾ ചേരാൻ തീരുമാനിക്കുന്നതിനുമുമ്പായി പ്രസ്തുത യോഗത്തിൽ പങ്കെടുക്കേണ്ട നിയമസഭാംഗങ്ങൾക്ക് ആ ദിനങ്ങളിൽ സഭാ സമ്മേളനങ്ങളിൽ പങ്കെടുക്കേണ്ടതു് സംബന്ധിച്ചോ മറ്റ് ഔദ്യോഗിക ആവശ്യങ്ങൾ സംബന്ധിച്ചോ ഉള്ള അസൗകര്യങ്ങൾ ഉണ്ടോയെന്ന് ആരായേണ്ടതാണെന്നും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ അപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിലോ റൂളിംഗുകളിലോ അടങ്ങിയിരിക്കുന്ന അടിസ്ഥാന തത്വങ്ങൾപോലും പാലിക്കുന്ന കാര്യത്തിൽ പല വകുപ്പുകളും കുറ്റകരമായ അനാസ്ഥയാണ് പുലർത്തുന്നതെന്നാണ് ചെയറിന് ഇതുസംബന്ധിച്ച് ലഭിച്ച പരാതികളിൽനിന്നും മനസ്സിലാകുന്നത്. പതിനാലാം കേരള നിയമസഭയുടെ രൂപീകരണത്തിനുശേഷം നാളിതുവരെ ആകെ വ്യത്യസ്തങ്ങളായ പന്ത്രണ്ട് പരാതികളാണ് മേൽവിഷയങ്ങളിന്മേൽ ചെയറിന് ലഭ്യമായിട്ടുള്ളത്.

സാധാരണഗതിയിൽ ചെയറിന് ലഭിക്കുന്ന ഇത്തരം പരാതികളിൽ ആവശ്യമായ അന്വേഷണം നടത്തി, യുക്തമായ മേൽനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ലഭിക്കുന്ന അപ്രകാരമുള്ള പരാതികളിന്മേൽ യഥാസമയം അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നതിനുപകരം തികച്ചും നിരുത്തരവാദപരമായി അവ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന ഒരു പ്രവണതയാണ് നിർഭാഗ്യവശാൽ കണ്ടുവരുന്നത്. ഇത്തരം പ്രവണതകൾ ഇനിയും ആവർത്തിക്കപ്പെടുന്നതിനോട് ചെയർ യോജിക്കുന്നില്ല. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 164(2)-ൽ മന്ത്രിസഭയ്ക്ക് നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റിയെക്കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രത്യക്ഷത്തിൽ പ്രസ്തുത അക്കൗണ്ടബിലിറ്റി മന്ത്രിസഭയ്ക്ക് മാത്രം ബാധകമായ ഒരു ഉത്തരവാദിത്വമെന്ന് കരുതാമെങ്കിലും അതിന്റെ കാര്യക്ഷമമായ പരിപാലന ചുമതല ബൃഹത്തായ ഉദ്യോഗസ്ഥ സമൂഹത്തിനുതന്നെയാണെന്നാണ് ഭരണഘടന വിവക്ഷിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ നിയമസഭയുടെയോ അതിലെ അംഗങ്ങളുടെയോ പ്രത്യേക അവകാശം ലംഘിക്കപ്പെട്ടത് സംബന്ധിച്ച ഏതെങ്കിലും തരത്തിലുള്ള പരാതി ഉയർന്നുവരുന്ന സാഹചര്യങ്ങളിൽ അത്തരം പരാതികളിന്മേൽ നിയമസഭ ആവശ്യപ്പെടുന്ന വിശദീകരണം യഥാസമയം ലഭ്യമാക്കുകയെന്ന കർത്തവ്യം ഉദ്യോഗസ്ഥ സമൂഹം ഏറ്റെടുക്കേണ്ടതുണ്ട്. അക്കാര്യത്തിൽ ബോധപൂർവ്വമോ അല്ലാതെയോ വരുന്ന ഏതെങ്കിലും തരത്തിലുള്ള കാലതാമസമോ വീഴ്ചയോ ഭരണഘടനാ വിരുദ്ധമാണെന്ന കാര്യത്തിൽ തർക്കമില്ല. ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്ക് ഭരണഘടനാ നടപടി ചട്ടങ്ങൾ, കീഴ്വഴക്കങ്ങൾ കാലാകാലങ്ങളിൽ സർക്കാരും സഭയ്ക്കുവേണ്ടി സ്പീക്കറും പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം ലഭ്യമാകേണ്ട അവകാശങ്ങളും അംഗീകാരങ്ങളും ഉറപ്പാക്കുക എന്നത് ചെയറിൽ നിക്ഷിപ്തമായ ഒരു കർത്തവ്യമാണെന്ന് ചെയർ ഉറച്ച് വിശ്വസിക്കുന്നു. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വിട്ടുവീഴ്ച ചെയ്യാൻ ചെയർ ഉദ്ദേശിക്കുന്നില്ല. ഈ സാഹചര്യത്തിൽ പതിനാലാം കേരള നിയമസഭയുടെ രൂപീകരണത്തിനുശേഷം ഈ സഭയിലെ അംഗങ്ങൾ ചെയറിന് എഴുതി നൽകിയിട്ടുള്ള പരാതികളിന്മേൽ സർക്കാർ വിശദീകരണം പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ ലഭ്യമാക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു. ഇക്കാര്യത്തിൽ വരുത്തുന്ന ഏതൊരു വീഴ്ചയും ഈ സഭയോടുള്ള അനാദരവായി കണക്കാക്കി യുക്തമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചെയർ ഓർമ്മപ്പെടുത്തുന്നു. ഇക്കാര്യം ഉന്നയിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ പ്രകടിപ്പിച്ച വികാരം പൂർണ്ണ അർത്ഥത്തിൽ ചെയർ ഉൾക്കൊള്ളുന്നു. നിലവിൽ ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയിട്ടുള്ള പരാതികളിൻമേൽ സർക്കാരിൽനിന്ന് ലഭിക്കുന്ന വിശദീകരണം, ആയതിന്മേലുള്ള

ചെയറിന്റെ തീരുമാനം എന്നിവ ബന്ധപ്പെട്ട അംഗങ്ങളെ നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്ന് രേഖാമൂലം അറിയിക്കുന്നതാണെന്നുകൂടി ഇത്തരുണത്തിൽ ചെയർ അറിയിക്കുന്നു. ഇനിമുതൽ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളുടെ അർഹമായ അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ആരുടെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്നും അപ്രകാരമുള്ള എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അത് അതീവ ഗൗരവപൂർവം വീക്ഷിക്കുന്നതാണെന്നും ചെയർ റൂൾ ചെയ്യുന്നു."

2016 ഒക്ടോബർ 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 4.22-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Second Session**

# BULLETIN—PART I

(Brief Record of Proceedings)

*Monday, October 24, 2016*

**No. 29**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions* :

Four questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Thiruvanchoor Radhakrishnan and one another member regarding the situation which reportedly undermined the credibility of the Government and Police Department due to the allegations raised by the Director of Vigilance that his phone calls were tapped and e-mails were hacked.

As a mark of protest against the attitude of the Government the Members belonging to the opposition parties viz, Indian National Congress, Indian Union Muslim League, Kerala Congress (Jacob) and Kerala Congress (M) staged a walkout.

*Calling Attention:*

(1) Shri James Mathew called the attention of the Minister for Finance and Coir to the situation that has arisen due to the reported reluctance of banks, including Public Sector Banks in the State, in sanctioning educational loans to students who secure admission to professional courses, in spite of their willingness to provide security. The Minister made a statement thereto.

(2) Shri N. A. Nellikkunnu called the attention of the Chief Minister to the necessity to formulate schemes to solve the difficulties being experienced by widows, unmarried mothers and deserted wives in the State. The Chief Minister made a statement thereto.

The matters raised by Members Under Rule 304.

The matters raised by Members in the House Under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ.രമേശ് ചെന്നിത്തല | വനിതാമാധ്യമപ്രവർത്തകർക്കെതിരെയുള്ള കേസ് പിൻവലിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ.എ.പ്രദീപ്കുമാർ | കനോലി കനാൽ ജലഗതാഗതയോഗ്യമാക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ.അടൂർ പ്രകാശ് | പത്തനംതിട്ട പോലീസ് സ്റ്റേഷനിലുണ്ടായ അക്രമങ്ങൾ സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ.ഹൈബി ഈഡൻ | പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. പി.ഉബൈദുള്ള | സ്വർണ്ണ വ്യാപാര മേഖല നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 6 | ശ്രീ.ബി.സത്യൻ | പൂർത്തീകരിച്ച പണയിൽകടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ.ഷാഫി പറമ്പിൽ | ഡി.എഫ്.ഐ.പി.യിൽ ഉൾപ്പെട്ടിരുന്ന പാലക്കാട് നഗര ബൈപ്പാസുകളുടെ നിർമ്മാണം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ.പി.ടി.എ. റഹീം | റേഷൻ വ്യാപാരികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| 9 | ശ്രീ.കെ.വി. വിജയദാസ് | കരിമ്പയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് | വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീമതി സി.കെ. ആശ | പട്ടികജാതി, പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട മുയൽ കർഷകരെ ജപ്തി നടപടികളിൽനിന്നും രക്ഷിക്കുന്നത് സംബന്ധിച്ച് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 11 | ശ്രീ. സി. ദിവാകരൻ | ചികിത്സാപിഴവുമൂലം കന്യാകുളങ്ങര CHC യിൽ ഗർഭിണി മരണപ്പെട്ട സംഭവം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Papers laid on the Table:*

The following papers were laid on the table as per Rule 47(2):

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1910, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1602 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

*Presentation of Reports:*

The following Reports were presented.

1. The Periodical Report of the Subject Committee IX as on 31st March, 2016.
2. The Periodical Report of the Subject Committee X as on 31st March, 2016.
3. The Periodical Report of the Subject Committee XII as on 31st March, 2016.

(Sri. P. T. Thomas demanded withdrawal of some statements made by the Minister for Welfare of Scheduled Castes/Scheduled Tribes Backward Classes/Law, Culture and Parliamentary Affairs of while answering a question on 19-10-2016. The Members belonging to the Opposition staged a walkout in protest against the stand of Minister in withdrawing his statements.)

*Financial Business:*

Discussion and Voting on Demands for Grants in the Revised Budget for the financial year 2016-2017

Shri T.P.Ramakrishnan, Minister for Labour and Excise moved Demand No.VIII-Excise and Demand No. XXIV-Labour, Labour Welfare and Welfare of Non-Residents for the amounts shown respectively against them under column 9 in the list of Demands for Grants. Shri P. Thilothaman, Minister for Food and Civil Supplies moved Demand No. XXX- Food for the amount shown against it under column 9 in the list of Demands for Grants. DR. T. M. Thomas Isaac, Minister for Finance and Coir laid on the table the Statements under Rule 236(3) relating to Demands Nos. VIII, XXIV and XXX.

*Cut motions were not moved.*

The following Members took part in the discussion:

Shri K. V. Abdul Khader

Shri Roji M.John

Shri C. Divakaran

Shri Parakkal Abdulla

Shri Murali Perunelly

Shri Roshy Augustine

Shri K. K. Ramachandran Nair

Shri Thomas Chandy

Shri M. M. Mani

Shri Eldhose Kunnappilly

Smt. E. S. Bijimol

Prof. K. U. Arunan

Shri M. Ummer

Shri Anoop Jacob

Shri A. M. Ariff

Shri Shafi Prambil

Shri Pinarayi Vijayan, Chief Minister, Shri P. Thilothaman, Minister for Food and Civil Supplies and Shri T. P. Ramakrishnan, Minister for Labour and Excise replied to the points raised in the discussion. Then the Demands moved were put to vote and passed.

*Ruling by the Speaker:*

The Speaker gave the following ruling on the complaints relating to the denial of rights of Members:

"സംസ്ഥാനത്തെ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പൊതുപരിപാടികളിൽ ജനപ്രതിനിധികൾക്ക് പ്രത്യേകിച്ച് നിയമസഭാംഗങ്ങൾക്ക് നൽകേണ്ട പ്രാധാന്യത്തെയും അംഗീകാരത്തെയും സംബന്ധിച്ച് സുവ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം നിയമസഭാംഗങ്ങൾക്ക് ലഭിക്കേണ്ട പ്രത്യേക പരിഗണന സംബന്ധിച്ച് വിശദമായ റൂളിംഗുകൾ എന്റെ മുൻഗാമികളായ സ്പീക്കർമാരിൽനിന്നും ഉണ്ടായിട്ടുമുണ്ട്. അതുപോലെ സംസ്ഥാന-ജില്ലാ-പ്രാദേശിക തലങ്ങളിലായി ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾ അംഗങ്ങളായിട്ടുള്ള നിരവധി സ്റ്റാറ്റ്യൂട്ടറി സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയുടെ ആനുകാലിക യോഗങ്ങൾ ചേരാൻ തീരുമാനിക്കുന്നതിനുമുമ്പായി പ്രസ്തുത യോഗത്തിൽ പങ്കെടുക്കേണ്ട നിയമസഭാംഗങ്ങൾക്ക് ആ ദിനങ്ങളിൽ സഭാ സമ്മേളനങ്ങളിൽ പങ്കെടുക്കേണ്ടത് സംബന്ധിച്ചോ മറ്റ് ഔദ്യോഗിക ആവശ്യങ്ങൾ സംബന്ധിച്ചോ ഉള്ള അസൗകര്യങ്ങൾ ഉണ്ടോയെന്ന് ആരായേണ്ടതാണെന്നും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ അപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിലോ റൂളിംഗുകളിലോ അടങ്ങിയിരിക്കുന്ന അടിസ്ഥാന തത്വങ്ങൾ പോലും പാലിക്കുന്ന കാര്യത്തിൽ പല വകുപ്പുകളും കുറ്റകരമായ അനാസ്ഥയാണ് പുലർത്തുന്നതെന്നാണ് ചെയറിന് ഇതുസംബന്ധിച്ച് ലഭിച്ച പരാതികളിൽനിന്നും മനസ്സിലാവുന്നത്. പതിനാലാം കേരള നിയമസഭയുടെ രൂപീകരണത്തിനുശേഷം നാളിതുവരെ ആകെ വ്യത്യസ്തങ്ങളായ പന്ത്രണ്ട് പരാതികളാണ് മേൽവിഷയങ്ങളിന്മേൽ ചെയറിന് ലഭ്യമായിട്ടുള്ളത്.

സാധാരണഗതിയിൽ ചെയറിന് ലഭിക്കുന്ന ഇത്തരം പരാതികളിൽ ആവശ്യമായ അന്വേഷണം നടത്തി, യുക്തമായ മേൽനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ലഭിക്കുന്ന അപ്രകാരമുള്ള പരാതികളിന്മേൽ യഥാസമയം അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നതിനുപകരം തികച്ചും നിരുത്തരവാദപരമായി അവ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന ഒരു പ്രവണതയാണ് നിർഭാഗ്യവശാൽ കണ്ടുവരുന്നത്. ഇത്തരം പ്രവണതകൾ ഇനിയും ആവർത്തിക്കപ്പെടുന്നതിനോട് ചെയർ യോജിക്കുന്നില്ല. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 164(2)-ൽ മന്ത്രിസഭയ്ക്ക് നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റിയെക്കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രത്യക്ഷത്തിൽ പ്രസ്തുത അക്കൗണ്ടബിലിറ്റി മന്ത്രിസഭയ്ക്ക് മാത്രം ബാധകമായ ഒരു ഉത്തരവാദിത്വമെന്ന് കരുതാമെങ്കിലും അതിന്റെ കാര്യക്ഷമമായ പരിപാലന ചുമതല ബൃഹത്തായ ഉദ്യോഗസ്ഥ സമൂഹത്തിനുതന്നെയാണെന്നാണ് ഭരണഘടന വിവക്ഷിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ നിയമസഭയുടെയോ അതിലെ അംഗങ്ങളുടെയോ പ്രത്യേക അവകാശം ലംഘിക്കപ്പെട്ടത് സംബന്ധിച്ച ഏതെങ്കിലും തരത്തിലുള്ള പരാതി ഉയർന്നുവരുന്ന സാഹചര്യങ്ങളിൽ അത്തരം പരാതികളിന്മേൽ നിയമസഭ ആവശ്യപ്പെടുന്ന വിശദീകരണം യഥാസമയം ലഭ്യമാക്കുകയെന്ന കർത്തവ്യം ഉദ്യോഗസ്ഥ സമൂഹം ഏറ്റെടുക്കേണ്ടതുണ്ട്. അക്കാര്യത്തിൽ ബോധപൂർവ്വമോ അല്ലാതെയോ വരുന്ന ഏതെങ്കിലും തരത്തിലുള്ള കാലതാമസമോ വീഴ്ചയോ ഭരണഘടനാ വിരുദ്ധമാണെന്ന കാര്യത്തിൽ തർക്കമില്ല. ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്ക് ഭരണഘടനാ നടപടി ചട്ടങ്ങൾ, കീഴ്‌വഴക്കങ്ങൾ കാലാകാലങ്ങളിൽ സർക്കാരും സഭയ്ക്കുവേണ്ടി സ്പീക്കറും പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം ലഭ്യമാകേണ്ട അവകാശങ്ങളും അംഗീകാരങ്ങളും ഉറപ്പാക്കുക എന്നത് ചെയറിൽ നിക്ഷിപ്തമായ ഒരു കർത്തവ്യമാണെന്ന് ചെയർ ഉറച്ച് വിശ്വസിക്കുന്നു. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വിട്ടുവീഴ്ച ചെയ്യാൻ ചെയർ ഉദ്ദേശിക്കുന്നില്ല. ഈ സാഹചര്യത്തിൽ പതിനാലാം കേരള നിയമസഭയുടെ രൂപീകരണത്തിനുശേഷം ഈ സഭയിലെ അംഗങ്ങൾ ചെയറിന് എഴുതി നൽകിയിട്ടുള്ള പരാതികളിന്മേൽ സർക്കാർ വിശദീകരണം പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ ലഭ്യമാക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു. ഇക്കാര്യത്തിൽ വരുത്തുന്ന ഏതൊരു വീഴ്ചയും ഈ സഭയോടുള്ള അനാദരവായി കണക്കാക്കി യുക്തമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചെയർ ഓർമ്മപ്പെടുത്തുന്നു. ഇക്കാര്യം ഉന്നയിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ പ്രകടിപ്പിച്ച വികാരം പൂർണ്ണ അർത്ഥത്തിൽ

ചെയർ ഉൾക്കൊള്ളുന്നു. നിലവിൽ ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയിട്ടുള്ള പരാതികളിൻമേൽ സർക്കാരിൽനിന്ന് ലഭിക്കുന്ന വിശദീകരണം, ആയതിന്മേലുള്ള ചെയറിന്റെ തീരുമാനം എന്നിവ ബന്ധപ്പെട്ട അംഗങ്ങളെ നിയമസഭാ സെക്രട്ടേറിയറ്റിൽനിന്ന് രേഖാമൂലം അറിയിക്കുന്നതാണെന്നുകൂടി ഇത്തരുണത്തിൽ ചെയർ അറിയിക്കുന്നു. ഇനിമുതൽ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളുടെ അർഹമായ അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ആരുടെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്നും അപ്രകാരമുള്ള എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അത് അതീവ ഗൗരവപൂർവം വീക്ഷിക്കുന്നതാണെന്നും ചെയർ റൂൾ ചെയ്യുന്നു."

The House adjourned at 4.22 p.m. to meet again at 8.30 a.m. on Tuesday October 25, 2016.

V. K. BABU PRAKASH,
*Secretary.*